'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനകാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് -ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തുന്നതിനുള്ള ഭരണാനുമതി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.7299/2022/ധന** **തീയതി, തിരുവനന്തപുരം, 29/10/2022**

പരാമർശം:- 1 ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ 22/09/2022 തീയതിയിലെ Lr.41/VCO/SOU/2022 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/10/2022 തീയതിയിലെ ഡി.കെ.എസ്.എ.3493/എസ്.എസ്.4/2022 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് 2021- ലെ ഖണ്ഡിക 58(3) പ്രകാരം യൂണിവേഴ്സിറ്റിയുടെ ഓഡിറ്ററെ നിയമിക്കുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായതിനാൽ, ടി സർവകലാശാലയുടെ 2020-21 സാമ്പത്തിക വർഷം മുതലുള്ള വരവ്-ചെലവ് കണക്കിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കൊണ്ട് നിർവ്വഹിക്കുന്നതിന് പരാമർശം 1 പ്രകാരം ടി സർവകലാശാല വൈസ് ചാൻസലർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ ഷെഡ്യൂൾ പ്രകാരം എല്ലാ യൂണിവേഴ്സിറ്റികളുടെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അധികാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. 2020-ൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയെ ഒരു സംസ്ഥാന യൂണിവേഴ്സിറ്റിയായി സർക്കാർ അംഗീകരിച്ച നിലയ്ക്കും 2021-ൽ യു.ജി.സി അക്രെഡിറ്റേഷൻ ലഭ്യമായ സാഹചര്യത്തിലും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2020-21 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്കുകളുടെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുമിത ഗോപാൽ**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വൈസ് ചാൻസലർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കൊല്ലം.

വെബ് & ന്യൂ മീഡിയ, പബ്ലിക്ക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഫയൽ നം. എസ്റ്റാ-ഡി1/127/2022-ധന(ഇ 2218770)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ